കേരളത്തിലെ ആരോഗ്യരംഗം വഴിത്തിരിവിൽ

ഡോ. സന്തോഷ് മോഹൻ, കോലഴി

രണ്ടായിരാമാണ്ടിൽ എവർക്കും ആരോഗ്യം എന്ന ലോകാരോഗ്യസംഘടനാ ലക്ഷ്യം വളരെ മുൻപെ തന്നെ കൈവരിക്കാൻ കഴിഞ്ഞ കേരളത്തിൽ ശിശുമരണനിരക്കും വാർദ്ധക്യമരണനിരക്കും കുറഞ്ഞത് ഇന്ത്യയുടെ മാത്രമല്ല ഡബ്ല്യു.എച്ച്.ഒ.(W.H.O) യുടെ വരെ പ്രശംസനേടിയെടുക്കാൻ കഴിഞ്ഞ കാര്യങ്ങളാണ്. കേരളത്തിൽ ജനന നിരക്ക് 19 ഉം, മരണനിരക്ക് 5.5 ഉം, ശിശുമരണനിരക്ക് 12 ഉം ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു (1998 ലെ കണക്കുകൾ പ്രകാരം).ദേശീയ ശരാശരിയിലുമെത്രയോ ഭേദപ്പെട്ട നിലയിലാണ് കേരളത്തിലെ സ്ഥിതിയിപ്പോൾ. എങ്കിലും, ആരോഗ്യരംഗത്തെയപ്പാടെ ആശങ്കയിലാഴ്ത്തുന്ന ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ തലയുയർത്തുകയുമാണ്.

വൃദ്ധജനങ്ങളുടെ പ്രശ്നം

മരണനിരക്ക് കുറഞ്ഞപ്പോൾ, വൃദ്ധജനങ്ങളുടെ ശരാശരി ആയുസ് പുരുഷന്മാരിൽ 70 വയസുവരേയും സ്ത്രീകളിൽ 75 വരേയും ആയിമാറി.ഷഷ്ഠിപൂർത്തി ആഘോഷങ്ങളുടെ മാറ്റുകുറച്ച് സപ്തതിക്കു പ്രാധാന്യമേകി. കേരളത്തിൽ ജനസംഖ്യയുടെ നാലിലൊരുഭാഗം 60 വയസിനുമേൽ പ്രായമുള്ളവരാണ്. സ്ത്രീജന ആയുസ് പുരുഷന്മാരിലേക്കാളും ഉയർന്നതിനാൽ സ്ത്രീജനങ്ങളാണിതിലേറെയും. നാട്ടിൽ പൊതുരംഗത്തുൾപ്പടെ കർമ്മനിരതരായിരിക്കുന്ന തലമുതിർന്നവരെകണ്ട് യുവത്വം പകച്ചുനിൽക്കുന്ന അവസ്ഥയിലാണിന്ന്. എന്നാൽ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിൽ ഇന്നത്തെ തലമുറകാട്ടുന്ന അലംഭാവം വൃദ്ധസദനങ്ങളുടെ എണ്ണമേറുന്നതിന് കാരണമായിരിക്കുകയാണ്. വൃദ്ധസംരക്ഷണത്തിന്, ഗവൺമെന്റ് തലത്തിൽ പുതിയ വഴികൾ തേടിയില്ലെങ്കിൽ, ആരോഗ്യരംഗത്തെ പാളിച്ചയി അത് മാറാൻ എറെ കാലം വേണ്ടിവരില്ല.

പ്രതിരോധകുത്തിവെയ്പ്പ് മാമാങ്കങ്ങൾ

പ്രതിരോധ വാക്സിനുകൾകൊണ്ട് നിർമ്മാർജ്ജനം ചെയ്തുവെന്ന് പറയപ്പെട്ടിരുന്ന പല സാംക്രമികരോഗങ്ങളും വീണ്ടും തിരിച്ചെത്തികൊണ്ടിരിക്കുകയുമാണ് ഡിഫ്തീരിയ വരെ തലയുയർത്തിതുടങ്ങിയിരിക്കുന്നു. ടൈഫോയ്ഡ്, അഞ്ചാംപനി,ക്ഷയരോഗം എന്നിവ സർവ്വസാധാരണമായി കഴിഞ്ഞു. എന്നിട്ടും ഇവക്കെതിരെ പ്രതിരോധ വാക്സിനുകൾ തുടർന്നു കൊണ്ടിരിക്കുന്നത് പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു.

പോളിയോ വാക്സിനുകൾക്കെതിരെ, അതുനൽകാൻ നിർബന്ധിതരായ പല ഡോക്ടർമാരും കഴിഞ്ഞ തവണ രംഗത്തിറങ്ങിയതും ശ്രദ്ധിക്കേണ്ട കാര്യമാണ്. മുൻപ് മൂന്ന്തവണ നൽകിയാൽ ആജീവനാന്ത പ്രതിരോധം നേടിയെന്ന് അവകാശപ്പെട്ടിരുന്ന ഓറൽപോളിയോ വാക്സിനുകൾ (opv) കഴിഞ്ഞ രണ്ട്-മൂന്ന് വർഷമായി പൾസ് പോളിയോ എന്ന ഉത്സവാഘോഷമായി നൽകിവരുമ്പോൾ, അവയുടെ പ്രതിരോധ ശക്തിയെ കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഓറൽ പോളിയോ വാക്സിനുകൾ ഇപ്പോൾ വർഷംതോറും മൂന്ന് ഡോസുവീതം നൽകുമ്പോൾ, അവയിലെ 'ശക്തി ക്ഷയിച്ചതെന്ന് പറയപ്പെടുന്ന ജീവനുള്ള വൈറസുകൾ' ശിശുക്കളിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെ കുറിച്ചാരും ചിന്തിക്കുന്നില്ല. അതേ സമയം മൂന്ന് തവണ മാത്രം നൽകിയാൽ 'പ്രതിരോധം നേടിയിരിക്കുന്നുവെന്ന വാദം' തെറ്റായിരുന്നു എന്ന് ഈ ഉത്സവമേളങ്ങൾ വ്യക്തമാക്കുന്നു. അതോ മരുന്നു കമ്പനികളുടെ ലാഭക്കൊതിക്കു മുൻപിൽ സർക്കാർ വഴങ്ങുകയായിരുന്നുവോ എന്നതിനും അന്വേഷണം ആവശ്യമായിരുന്നു.

ഇതിനിടയിൽ, നാം മനസിലാക്കിയിരിക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. അമേരിക്കയുൾപ്പെടെയുള്ള വികസിത രാഷ്ട്രങ്ങളിൽ നടന്ന പരീക്ഷണങ്ങൾ വ്യക്തമാക്കുന്നത് 1975ൽ ഈ രോഗം നിർമ്മാർജ്ജനം ചെയ്തശേഷം, ഈ വാക്സിൻ കാരണം വർഷം തോറും ഒരു ഡസനോളം പേരിൽ രോഗബാധയുണ്ടാകുന്നുവെന്നതാണ്. പാശ്ചാത്യരാജ്യങ്ങൾ 1975മുതൽ ഒ.പി.വി. ഒഴിവാക്കാൻ തുടങ്ങിയശേഷം ലോകാരോഗ്യസംഘടന വഴിയും, യൂനിസെഫ് വഴിയും മറ്റും ദരിദ്രരാജ്യങ്ങളായ ഇന്ത്യയെപ്പോലുള്ളിടത്ത് പുതിയ വിപണിതേടിയ തന്ത്രമായിരുന്നു പൾസ്പോളിയോ മാമാങ്കമെന്നത് പലരുമറിയാത്ത കാര്യം. മറ്റുരാജ്യങ്ങളിൽ കുത്തിവയ്ക്കുന്ന തരം പോളിയോ വാക്സിനുകളാണ് ഐ.പി.വി (ipv) കൊടുക്കാൻ തീരുമാനിച്ചത്. എന്നാൽ ഒ.പി.വി.യുടെ ഒരു ഡോസിന് മൂന്ന് രൂപയും 3 ഡോസിന് 15രൂപയും മാത്രമാവുമ്പോൾ, ഐ.പി.വി യുടെ ഒരു ഡോസിന് 450 രൂപയും, 3ഡോസിന് 1350 രൂപയും ആണ്. ഗ്രാമാന്തരങ്ങളിൽ ഐ.പി.വി കൊടുക്കുന്നത് വൻ സാമ്പത്തിക ബാധ്യതയാവുമെന്ന കണ്ട സർക്കാർ ചില കുത്തക കമ്പനികൾക്കായി കണ്ണടയ്ക്കുകയായിരുന്നു.

മൈനസ് 2 ഡിഗ്രിക്കും, മൈനസ് 8 ഡിഗ്രിക്കും ഇടയിൽ സൂക്ഷിച്ചില്ലെങ്കിൽ നിർവീര്യമാക്കാൻ ഏറെ സാധ്യതകളുള്ള ഒ.പി.വി, കേരളത്തിലെയും, ഇന്ത്യയിലെയും വൈദ്യുതി പ്രതിസന്ധിക്കിടയിൽ എത്രത്തോളം ഫലവത്തായി സൂക്ഷിക്കാൻ കഴിയുമെന്നതും മറ്റൊരു കാര്യം. ഇത്തരത്തിൽ നിർവീര്യമായ വാക്സിൻ കഴിച്ച കുഞ്ഞിന് രോഗബാധയ്ക്ക് സാധ്യതയേറെയെന്നതും നേരത്തെ തന്നെ പല ആരോഗ്യസംരക്ഷരും വ്യക്തമാക്കിയിട്ടുള്ളതാണ്.



അതേപോലെ തന്നെ, ഉയർന്ന വില നിലവാരമുള്ള ഹെപ്പറ്റെറ്റിസ് B-വാക്സിൻ പലയിടത്തും നിർബന്ധിതമായി അടിച്ചേൽപ്പിച്ചപ്പോൾ (മരുന്നു കമ്പനികൾ നാട്ടിലുള്ള ചില ക്ലബുകൾ വഴി നേരിട്ട്) മൗനം പാലിച്ചിരുന്നവർ ഇപ്പോൾ മൗനത്തിന്റെ കൂട്പൊട്ടിച്ച് പുറത്തു വന്നിരിക്കുന്നതും ഈ വാക്സിനുകളുടെ വിശ്വാസ്യതയ്ക്കേറ്റ മങ്ങലാണ് കാണിക്കുന്നത്. 40 വയസിനുമേൽ പ്രായമുള്ളവരിൽ ഈ വാക്സിൻ ഫലപ്രദമല്ലായെന്നും 5 വർഷമേ ഈ വാക്സിൻ പ്രതിരോധ ശക്തി നൽകുന്നുള്ളുവെന്ന വസ്തുതയും പലരും മറച്ചുവയ്ക്കുകയുമാണ്.

അഞ്ചാംപനിക്കെതിരെ എം.എം.ആർ വാക്സിൻ നൽകി വരുന്നുണ്ട്. എന്നാൽ 2 മാസം പ്രായമുള്ള ശിശുവിനും 20 വയസുള്ളവർക്കും വരെ അഞ്ചാംപനി കണ്ടെത്താൻ ഇക്കാലത്തും കഴിയുന്നുവെന്നുപറയുമ്പോൾ, മുൻപ് ഉണ്ടായിരുന്നതിലും അഞ്ചാംപനി രോഗികളുടെ എണ്ണമേറിയിരിക്കുന്നുവെന്നതും ചിന്തിക്കേണ്ട കാര്യങ്ങളാണ്.

20-ാം നൂറ്റാണ്ടിന്റെ തീരാവ്യാധിയെന്നു വിളിച്ചിരുന്ന എയ്ഡ്സിന് മരുന്നുകണ്ടെത്താൻ ആധുനികവൈദ്യശാസ്ത്രത്തിനിതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ എയ്ഡ്സിന് ആയുർവേദ മരുന്നു കണ്ടുപിടിച്ചുവെന്നു പറഞ്ഞ എറണാകുളംകാരനെ ക്രൂശിക്കാനാണ് സമൂഹം തുനിഞ്ഞത്. എന്നാലതിന്റെ പേറ്റന്റ് വളഞ്ഞ വഴിയിലൂടെ നേടിയെടുക്കാനുള്ള ശ്രമം പരാജയപ്പെട്ടതാണ് പലരുടേയും എതിർപ്പിന്റെ പ്രധാന കാരണമെന്നും സംശയിക്കേണ്ടിയിരിക്കുന്നു. എയ്ഡ്സിൽ നിന്ന് ഹോമിയോപ്പതിയിലൂടെ മോചനം നേടാമെന്ന് ചങ്ങനാശ്ശേരിയിൽ ഒരു സ്വകാര്യ ഹോമിയോ ക്ലീനിക് നടത്തുന്ന ഡോക്ടർ പ്രസ്താവിച്ചതു കഴിഞ്ഞനാളുകളിലാണ്.

സ്പെഷ്യലിസ്റ്റ് മാനിയ

രോഗമെന്തു തന്നെയായാലും സ്പെഷ്യലിസ്റ്റിനെ തേടിപ്പോകുന്ന പ്രവണത ഇന്ന് മെഡിക്കൽ കോളേജുകളിലെ നില ശോചനീയമാക്കുകയാണ്. റഫറൽ ആശുപത്രിയായി മെഡിക്കൽ കോളേജിനെ ഉയർത്താനുള്ള ശ്രമം രോഗികളുടെ കടന്നു കയറ്റം മൂലം തടസപ്പെട്ടിരിക്കുകയുമാണ്.

മൾട്ടിസ്പെഷ്യാലിറ്റിയും, സൂപ്പർ സ്പെഷ്യാലിറ്റിയും നാടെങ്ങും നിറയുമ്പോൾ കമ്പോളവത്കരിക്കപ്പെട്ടിരിക്കുകയാണ് ആരോഗ്യരംഗം. സാധാരണ വൈറൽ ഫീവറിനും, ചുമയ്ക്കും വരെ എക്സ്-റേയും സ്കാനിങ്ങും കുറിക്കുന്നവർ സ്വന്തം കീശയുടെ വലിപ്പം കൂട്ടുന്നതിനപ്പുറം രോഗിയെ ശ്രദ്ധിക്കാൻ ശ്രമിക്കുന്നില്ലയെന്നതാണ് വ്യക്തമാക്കുന്നത്. രോഗമുണ്ടായാലുടനെ സ്പെഷ്യലിസ്റ്റിനെ തേടിപോവുന്ന പ്രവണത തന്നെയാണ് പല അനാവശ്യപരിശോധനകൾക്കും വിധേയമാവാൻ രോഗി നിർബന്ധിതനാക്കുന്നതും.സാധാരണ ചികിത്സ കഴിഞ്ഞ് വിദഗ്ധചികിത്സയ്ക്കാണ് രോഗി സ്പെഷ്യലിസ്റ്റിനെ തേടിയെത്തുന്നതെന്ന മറ്റൊരു ചിന്ത കൂടി ഇതിന് പിന്നിലുണ്ട്.

വൻ സാമ്പത്തിക പ്രതിസന്ധിക്കിടയിലും നാടെങ്ങുമുള്ള സ്പെഷ്യാലിറ്റി ആശുപത്രികൾ അവിടെയെത്തുന്ന രോഗികളുടെ അജ്ഞതയെ ചൂഷണം ചെയ്യുകയാണ്. കൃത്യമായ രോഗമൊന്നുമില്ലെങ്കിലും അഡ്മിറ്റ് ചെയ്ത് അനാവശ്യ പരിശോധനകൾക്കു വിധേയമാക്കി വൻതുക വസൂലാക്കുന്നവരും ഏറെയാണ്. ഇന്നത്തെ ആരോഗ്യ രംഗത്ത് സേവനതത്പരരെന്നു നടിക്കുന്ന മിഷനറിപ്രവർത്തകരും വഞ്ചനയുടെ മുഖം മൂടിയണിഞ്ഞാണ് രോഗികളെ തേടുന്നത്. സൗജന്യമെന്ന വാഗ്ദാനങ്ങൾ നിരത്തുമെങ്കിലും അതിന്റെ പേരിൽ വിദേശരാജ്യങ്ങളിൽ നിന്ന് കോടികൾ തിരിമറിനടത്താനാണ് ഈ 'ചാരിറ്റബിൾ' ചികിത്സകർ ശ്രമിക്കുന്നത്.

ഇതിനിടയിൽ സർക്കാർ ആശുപത്രികളിൽ കോടികൾ മുടക്കി സ്ഥാപിച്ച ഉപകരണങ്ങൾ തകരാറിലാക്കി രോഗികളെ പരിശോധനയ്ക്കായി പുറത്തേക്കു കുറിച്ചുവിട്ട് കമ്മീഷൻ പറ്റുന്ന സാമൂഹ്യസേവകരും കുറവല്ല.

വ്യാജ ചികിത്സകർ

ഇതിനിടയിൽ അംഗീകൃതയോഗ്യതയില്ലാതെ ചികിത്സിക്കുന്നവർ നാടെങ്ങും നിറയുകയാണ്. 'എ[illegible]ത മെഡിക്കൽ പ്രാക്ടീഷനേ[illegible]യമം' നടപ്പിലാക്കാൻ കേരളക്കാർ കാട്ടുന്ന അലംഭാവമാണി[illegible] കാരണം. അലോപ്പതി മരുന്നുകൾ [illegible]റിച്ചു കൊടുത്തും, പൊടിച്ചുകൊടുത്തും ആയുർവേദ-ഹോമിയോ ഡോക്ടർമാരുടെ ലേബലിൽ കഴിയുന്നതും രോഗികളുടെ ജീവിതം പന്താടുകയാണ്. ആയുർവേദം പാരമ്പര്യചികിത്സയെന്നു വാദിക്കുന്നവരിൽ പലരും 5 1/2 വർഷം പഠിച്ചിറങ്ങുന്ന ഡോക്ടർക്ക് ഭീഷിണിയായിമാറുകയാണ്.

പോസ്റ്റൽ ട്യൂഷൻ വഴിയും ബുക്കു വായിച്ചും ഹോമിയോ ചികിത്സകരുടെ മേലങ്കിയണിയുന്നവർ തകർക്കുന്നതും കേരളത്തിലെ ആരോഗ്യ രംഗമാണ്. റിട്ടയേഡ് ലൈഫിൽ ഹോമിയോ ഡോക്ടറെന്ന ബോർഡും വച്ച് രോഗിയേയോ രോഗത്തേയോ കുറിച്ചറിയാത്തവർ നാട്ടിലെങ്ങും നിറയുകയാണ. ഹോമിയോപ്പതിയിലെയും ആയുർവേദത്തിലെയും ഡിപ്ലോമ കോഴ്സുകൾ നിർത്തലാക്കുകയും ബിരുദബിരുദാനന്തര കോഴ്സുകൾ മാത്രം നിലവിലുള്ള ഇക്കാലത്ത് മറ്റു വഴിയിലൂടെ പഠനം അംഗീകൃതമല്ലായെന്നതും ജനം മറക്കുന്നു.5-1/2 വർഷം മെഡിക്കൽകോളേജുകളിൽ ശാസ്ത്രീയപഠനം കഴിഞ്ഞിറങ്ങുന്നവർക്കു മുൻപിൽ വിലങ്ങുതടിയാവുന്ന ഇത്തരം വ്യാജചികിത്സകരെ തടയാൻ പൊതുജനം താത്പര്യം കാണിക്കുന്നുമില്ല.

80കളുടെ മധ്യത്തിൽ കേരളത്തിൽ ടി.ടി.സി അധ്യാപകരുടെ പേരിലായിരുന്ന വ്യാജർ നിറഞ്ഞതെങ്കിൽ 90 കൾക്കു ശേഷം തുടങ്ങിയ പുതിയ ട്രെൻഡിൽ ഹോമിയോ - ആയുർവേദ ഡോക്ടർമാരുടെ ലേബലിലാണ് വ്യാജർ വാഴുന്നത്. ഇതിനെതിരെ, മാറി മാറി വരുന്ന സർക്കാരുകൾ മൗനം പാലിക്കുന്നതിനാൽ സ്വന്തം ആരോഗ്യത്തിൽ കടന്നാക്രമണം നടത്താൻ തുനിയുന്ന ഇത്തരം വ്യാജ ചികിത്സകർക്കെതിരെ പ്രതികരിക്കാനും, അവരെ ഒഴിവാക്കാനും പൊതുജനം തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സമൂഹം പ്രതികരിക്കണം

കേരളത്തിലെ ആരോഗ്യരംഗത്തെ മുന്നേറ്റം കണ്ട് പല ബഹുരാഷ്ട്ര മരുന്നു കമ്പനികളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന അനാവശ്യമരുന്നുകൾ ഒഴിവാക്കേണ്ടതാണ്. അവയുടെ ഉപയോഗമുയർത്താൻ കൂട്ടുനിൽക്കുന്ന ഡോക്ടറെ ബഹിഷ്കരിക്കാൻ രോഗികൾ തയ്യാറായാലേ അതിനു മാറ്റം കാണാൻ കഴിയൂ.